## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് – 0471 2727378

ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in


BCDIR/361/2022 –A3 തീയതി : 10/06/2022

ഭരണഭാഷ – മാതൃഭാഷ

# <u>സർക്കുലർ</u>

വിഷയം – പിന്നാക്ക വിഭാഗ വികസനം – പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, തത്തുല്യമായ ആനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് വിദ്യാലയ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന – സ.ഉ.(എം.എസ്) 10/2014/പി.സ.വി.വ തീയതി 23.05.2014

സംസ്ഥാനത്തെ സർക്കാർ , എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്കും, സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി വിഭാഗങ്ങളുടേതിന് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും അർഹമായ തുക ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്. സ്കൂൾ പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ *<u>www.egrantz.kerala.gov.in</u>* എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈൻ ആയി <u>30.06.2022</u> നകം പിന്നാക്ക വിഭാഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ് . ഇത് സംബന്ധിച്ച് <u>പ്രധാനാധ്യാപകർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുമുള്ള</u> നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

*<u>സ്കൂൾ പ്രധാനാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>*

1. സ്കൂൾ ലോഗിൻ 2022-23 മുതൽ സിംഗിൾ ലോഗിൻ ആയിരിക്കും. നേരത്തേ ഉണ്ടായിരുന്നതിൽ ക്ലാർക്ക് ലോഗിൻ നിലനിൽക്കും. പ്രിൻസിപ്പൽ ലോഗിൻ ഉണ്ടാകില്ല. ക്ലാർക്ക് ലോഗിൻ ഇനി മുതൽ Institution – HM Login എന്ന പേരിൽ അറിയപ്പെടും. അപേക്ഷാ സമർപ്പണവും സ്കൂൾ ലെവൽ പരിശോധനയും Institution – HM Login ൽ തന്നെ നിർവ്വഹിക്കേണ്ടതാണ്. നേരത്തേ ഉണ്ടായിരുന്ന User ID, Password എന്നിവയിൽ മാറ്റമുണ്ടാകില്ല.

2. പ്രിൻസിപ്പൽ ലോഗിനിൽ ഉണ്ടായിരുന്ന Add Course എന്ന ഓപ്ഷൻ പുതിയ ലോഗിനിൽ Settings എന്ന മെനുവിൽ ലഭ്യമാണ് . പ്രിൻസിപ്പൽ ലോഗിനിൽ ഉണ്ടായിരുന്ന Application

Verification ഇനി ഉണ്ടാകില്ല. പുതിയ ലോഗിനിൽ നിന്നും സ്കോളർഷിപ്പിന് Apply ചെയ്യുമ്പോൾ തന്നെ തുടർനടപടികൾക്കായി അത് ബന്ധപ്പെട്ട ഔദ്യോഗിക ലോഗിനിൽ എത്തുന്നതാണ് . പ്രിൻസിപ്പൽ ലോഗിനിൽ ഉണ്ടായിരുന്ന Track Details പുതിയ ലോഗിനിൽ അതേ പേരിൽ ലഭ്യമാണ്.

3. സ്കൂൾ ലോഗിനിൽ ഇനി മുതൽ OEC/OBC(H) വിഭാഗം വിദ്യാർഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും സ്കോളർഷിപ്പിന് Apply ചെയ്യുന്നതിനും പ്രത്യേകം Link സെറ്റ് ചെയ്തിട്ടുണ്ട്. ടി ലിങ്കുകൾ വഴിയാണ് സ്കൂളിൽ നിന്നും അപേക്ഷ സമർപ്പിക്കേണ്ടത് . അതായത് OEC/OBC(H) വിദ്യാർഥിയുടെ സ്കോളർഷിപ്പ് Apply ചെയ്യുക, OEC/OBC(H) വിദ്യാർത്ഥികളെ Add ചെയ്യുക, OEC/OBC(H) വിദ്യാർത്ഥികളുടെ details എഡിറ്റ് ചെയ്യുക തുടങ്ങി എല്ലാ കാര്യങ്ങളും ചെയ്യേണ്ടത് E-Grantz BC Dev Dept എന്ന ലിങ്ക് വഴിയാണ്.

4. Apply for Scholarship ലിങ്കിൽ ഇനി മുതൽ എഡിറ്റ് ഓപ്ഷൻ ഉണ്ടാകില്ല. വിദ്യാർഥികളുടെ വിവരങ്ങൾ സ്കൂൾ തലത്തിൽ എഡിറ്റ് ചെയ്യണമെങ്കിൽ Edit Student Details എന്ന ഓപ്ഷൻ വഴി ചെയ്യണം. ഓരോ അക്കാഡമിക് വർഷത്തിലും വിദ്യാർഥികളെ പ്രൊമോട്ട് ചെയ്തതിനു ശേഷം മാത്രമേ എഡിറ്റ് ചെയ്യുവാൻ കഴിയുകയുള്ളൂ. സ്കോളർഷിപ്പിന് അപ്ലൈ ചെയ്തു കഴിഞ്ഞാൽ പിന്നെ എഡിറ്റ് ചെയ്യുവാൻ കഴിയില്ല.

5. ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ സമുദായങ്ങളുടെ പട്ടികകൾ അനുബന്ധം 1, 2 ആയി ചേർക്കുന്നു. അനുബന്ധം 1 ലെ സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ല. അനുബന്ധം 2 ലെ സമുദായങ്ങളുടെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.

6. പുതുതായി സ്ഥാപനത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രമേ പ്രത്യേകം ഡാറ്റാ എൻട്രി നടത്തേണ്ടതുള്ളൂ. മുൻ വർഷം ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളെ promote ഓപ്ഷൻ മുഖേന അടുത്ത ക്ലാസിലേക്ക് സ്ഥാനക്കയറ്റം നൽകിയാൽ മതിയാകും.

7. വിദ്യാർത്ഥികളുടെ ജാതി , വരുമാനം എന്നിവ സംബന്ധിച്ച ആധികാരിക രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രം ഡാറ്റ എന്റർ ചെയ്യേണ്ടതാണ്.

8. ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ തുക ചുവടെ ചേർക്കുന്നു.

| Class | Lumpsum Grant (Govt/Aided/Affiliated Unaided) | Fee – Reimbursement (Affiliated Unaided Schools only) |
|---|---|---|
| Std I – IV | ₹750 | ₹1333 |
| Std V – VII | ₹900 | ₹1333 |
| Std VIII – X | ₹1000 | ₹2000 |

9. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് (Repeater) മേൽപ്രകാരമുള്ള തുകയുടെ പകുതി മാത്രമേ അനുവദിക്കുകയുള്ളൂ.

10. വിദ്യാഭ്യാസാനുകൂല്യങ്ങൾ <u>വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക്</u> ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ വിദ്യാർത്ഥിയുടെ പേരിലുള്ളതോ , വിദ്യാർത്ഥിയുടേയും, രക്ഷിതാവിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടോ മാത്രം എന്റർ ചെയ്യേണ്ടതാണ്. പ്രസ്തുത അക്കൗണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കുന്നതിന് വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇതിനകം വിവിധ ബാങ്കുകളുടെ ലയനം നടന്നിട്ടുള്ളതിനാൽ <u>വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി) ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന്റെ കൃത്യതയിൽ പ്രധാനാധ്യാപകരുടെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതുമാണ്.</u>

11. <u>രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ വിവരങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ഫോർവേഡ് ചെയ്യേണ്ടതാണ്. ഫോർവേഡ് ചെയ്തതിന് ശേഷം പിന്നീട് Edit സാധ്യമല്ല. ബന്ധപ്പെട്ട ഓഫീസിൽ നിന്നും അപേക്ഷ പരിശോധിച്ച് ന്യൂനത പരിഹരിക്കുന്നതിനായി തിരികെ നൽകിയാൽ മാത്രമാണ് അപേക്ഷകളിൽ Edit സാധ്യമാകുന്നത്.</u> ഓൺലൈനിൽ സമർപ്പിച്ച അപേക്ഷകളുടെ ഹാർഡ് കോപ്പി ലഭ്യമാക്കേണ്ടതില്ല.

12. പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അധ്യയന വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യേണ്ടുന്നതിനാൽ നിശ്ചിത സമയത്തിനകം വിവരങ്ങൾ ഓൺലൈൻ എൻട്രി നടത്തുന്നതിന് പ്രധാനാധ്യാപകർ നടപടി സ്വീകരിക്കേണ്ടതാണ്.

13. ഇ ഗ്രാന്റ്സ് ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

കൊല്ലം മേഖല – 0474 2914417
എറണാകുളം മേഖല – 0484 2429130
പാലക്കാട് മേഖല – 0491 2505663
കോഴിക്കോട് മേഖല – 0495 2377786

*<u>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ.</u>*

1. അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ നിന്നും എ.ഇ.ഒ/ഡി.ഇ.ഒ മാരുടെ ലോഗിനിൽ ലഭ്യമാകുന്ന ഒ.ഇ.സി/ഒ.ബി.സി (എച്ച്) വിദ്യാർത്ഥികളുടെ പട്ടിക പരിശോധിച്ച് അംഗീകരിക്കുകയും ആയത് ഫോർവേഡ് ചെയ്തു നൽകേണ്ടതുമാണ്. പരിശോധന പൂർത്തിയാക്കി ഫോർവേഡ് ചെയ്യുന്ന പ്രസ്തുത

പട്ടിക തുടർ നടപടികൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസുകളുടെ ലോഗിനിൽ എത്തുന്നതാണ്.

2. അപേക്ഷകളിൽ ന്യൂനതകൾ കണ്ടെത്തുന്ന മുറയക്ക് ആയത് Remove Student ഓപ്ഷൻ ഉപയോഗിച്ച് ബന്ധപ്പെട്ട Institution – HM Login ലേക്ക് Revert ചെയ്തു നൽകാവുന്നതാണ്.
3. User Id & Password ഇതിനകം ഇ-മെയിൽ മുഖേന എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ മാർക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. ടി ലോഗിനിൽ അവരുടെ മൊബൈൽ നമ്പർ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. Password നഷ്ടപ്പെട്ടിട്ടുള്ളവർ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അതാത് മേഖലാ ആഫീസുകൾ മുഖേന Reset ചെയ്ത് വാങ്ങേണ്ടതാണ്.
4. വിദ്യാഭ്യാസാനുകൂല്യ വിതരണ നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുള്ളതിനാൽ മുൻവർഷങ്ങളിലേതിന് സമാനമായി വിദ്യാർത്ഥികളുടെ പട്ടികയുടെ ഹാർഡ് കോപ്പി യാതൊരു കാരണവശാലും മേലൊപ്പ് ചാർത്തി നൽകേണ്ടതില്ലായെന്നും അംഗീകൃത അൺ എയ്ഡഡ്, സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകളിൽ നിന്നും ഓൺലൈനായി ലഭ്യമാകുന്ന വിദ്യാർത്ഥികളുടെ പട്ടിക ബന്ധപ്പെട്ട AEO/DEO ലോഗിനിൽ നിന്നും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളിലേക്ക് ഓൺലൈനായി മാത്രം ഫോർവേഡ് ചെയ്തു നൽകേണ്ടതാണെന്നും അറിയിക്കുന്നു . ബന്ധപ്പെട്ട മേഖലാ കാര്യാലയങ്ങളുടേയും ചുമതലയുള്ള ജില്ലകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പി.വി.വി.വ കൊല്ലം മേഖലാ ആഫീസ് | പി.വി.വി.വ എറണാകുളം മേഖലാ ആഫീസ് | പി.വി.വി.വ പാലക്കാട് മേഖലാ ആഫീസ് | പി.വി.വി.വ കോഴിക്കോട് മേഖലാ ആഫീസ് |
|---|---|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ഫോൺ – 0474 2914417 | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ഫോൺ – 0484 2429130 | തൃശ്ശൂർ, മലപ്പുറം, പാലക്കാട് ഫോൺ – 0491 2505663 | കണ്ണൂർ, കോഴിക്കോട്, വയനാട്, കാസറഗോഡ് ഫോൺ – 0495 2377786 |

Signature Not Verified
Digitally signed by DEVIDAS N
Date: 2022.06.10 10:36:40 IST
Reason: Approved

എൻ. ദേവിദാസ് ഐ.എ.എസ്
ഡയറക്ടർ

<u>പകർപ്പ്</u>

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (ഉപരിപത്രം സഹിതം)
5. രജിസ്ട്രാർ, സി-ഡിറ്റ്
6. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – കൊല്ലം/എറണാകുളം/ പാലക്കാട് /കോഴിക്കോട്

7. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ – എല്ലാ ജില്ലകളിലേക്കും
8. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ (ഇ മെയിൽ മുഖേന)
9. എല്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുഖേന)
10. എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
11. മാനേജർ, ഐ.ടി വിഭാഗം, പി.വി.വി.വ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ, ഇ ഗ്രാന്റ്സ് 3.0
13. കരുതൽ/അധികം

BCDIR/313/2021 –A3 ഭരണഭാഷ – മാതൃഭാഷ തീയതി : 10/06/2022

അനുബന്ധം 1

**ഒ.ഇ.സി പട്ടിക**

| ക്രമ നമ്പർ | സമുദായത്തിന്റെ പേര് |
|---|---|
| 01 | Chakkamar |
| 02 | Madiga |
| 03 | Kudumbi |
| 04 | Dheevara/ Dheevaran<br>(Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Magayar, Mogaveerar) |
| 05 | Scheduled Caste converted to Christianity |
| 06 | Kusavan, Kulalan, Kumbharan, Velaan, Odan, Andhra Nair, Andhuru Nair |
| 07 | PulayaVettuvan (Except Kochi State) |

BCDIR/313/2021-A3 | **അനുബന്ധം 2** | തീയതി : 10/06/2022

**സ.ഉ.(എം.എസ്) നം. 10/2014/പിസവിവ തീയതി 23.05.2014 പ്രകാരം 6 ലക്ഷം രൂപ വാർഷിക വരുമാനത്തിന് വിധേയമായി ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സമുദായങ്ങളുടെ പട്ടിക**

| *നമ്പർ* | *സമുദായത്തിന്റെ പേര്* |
|---|---|
| 01. | Vaniya (Vanika, VanikaVaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 02. | Veluthedathu Nair (Veluthedan and Vannathan) |
| 03. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties |
| 04. | Ezhavathi (Vathy) |
| 05. | Ganika |
| 06. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, KalariKurup / Kalari Panicker |
| 07. | Vilkurup, Perumkollan |
| 08. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 09. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiars (throughout the State except in Malabar Area) |
| 17. | Kavuthiya |
| 18. | Veerasaiva (Yogi, Yogeeswara, Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair –Vilakkithalavan |
| 20. | Vaduka–Vadukan, Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |